## ആമുഖം

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പല പദ്ധതികളും പൂർത്തീകരണ ഘട്ടത്തിലാണ്. പല പദ്ധതികളും പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്ക് സർക്കാർതലത്തിലുണ്ടായ കാല താമസം പദ്ധതി പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമായി പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾക്ക് വന്ന കാലതാമസം തദ്ദേശ സ്വയം ഭാരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളേയും വൈകിപ്പിക്കുകയാണ് ഉണ്ടായത്. മുൻവർഷങ്ങളിലെല്ലാം പദ്ധതി പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്ത് ജില്ലയിൽ മുൻപന്തിയിൽ തന്നെയാണ്. എല്ലാ സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകൾ ജനോപകാരപ്രദമായ പദ്ധതികളിലൂടെ ചെലവഴിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ശ്രദ്ധ പുലർത്തിവരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പദ്ധതികളിൽ മുൻവർഷങ്ങളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളിൽ അഭിമാനമുണ്ട്. പദ്ധതി നിർവ്വഹണത്തിലും ഫണ്ട് വിനിയോഗത്തിലും നികുതി പിരിവിലും ഗ്രാമ പഞ്ചായത്തിന്റെ സ്ഥാനം ജില്ലയിൽ

മുൻപന്തിയിൽ തന്നെയാണ്. ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ച് വരദൂർ പി.എച്ച്.സിയിൽ ആരംഭിച്ച സായാഹ്ന ഒ.പിയും മോണ്ടേലിസ കാഡ്ബറീസിന്റെ സി.എസ് ആർ ഫണ്ട് ഉപയോഗിച്ച് ലഭ്യമാക്കിയ ലബോറട്ടറി സൌകര്യങ്ങളും നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൊച്ചിൻ ഷിപ്പിയാർഡും, കൈരളി ടി.എം.ടി കമ്പനിയും അനുവദിച്ച സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ആംബുലൻസും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ച് വരുന്നു. കേരള ഗ്രാമീൺ ബാങ്കിന്റെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് ലഭ്യമാകുന്ന വാഹനം പി.എച്ച്.സിയ്ക്ക് താമസിയാതെ ലഭിക്കുന്നതാണ്.

കാർഷിക മേഖലയിൽ നെൽകൃഷിക്ക് തന്നെയാണ് പ്രഥമ പരിഗണന നൽകുന്നത്. തോട്ടവിളകൾക്കും മണ്ണ് ജല സംരക്ഷണത്തിനുമുള്ള പദ്ധതികളുമുണ്ട്. ഹരിത കർമ്മസേനാംഗങ്ങളുടെ പ്രവർത്തനങ്ങൾ നല്ല നിലയിൽ നടന്നു വരുന്നുണ്ട്. കുട്ടികൾ, ഭിന്നശേഷിക്കാർ, വനിതകൾ, പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർ എന്നിവർക്കെല്ലാമുള്ള ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. റോഡുകളുടെ നിർമ്മാണം,

നവീകരണം, സൌന്ദര്യ വത്കരണം എന്നിവയ്ക്കും പദ്ധതികൾ ഉണ്ട്. വനിതകളുടെ ക്ഷേമത്തിനും വരുമാന വർദ്ധനവിനും ആരോഗ്യ സംരക്ഷണത്തിനും ഉള്ള പദ്ധതികൾക്ക് പരിഗണന നൽകിയിട്ടുണ്ട്. വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും സഹായ പദ്ധതികൾ ഉണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികളും വാതിൽപ്പടി സേവനം, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ എന്നിവയും സമയബന്ധിതമായി നടപ്പാക്കുന്നുണ്ട്. ടൂറിസം ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ രണ്ട് പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട്.

ഈ ബഡ്ജറ്റ് ഗ്രാമപഞ്ചായത്തിലെ എല്ലാവർക്കും ഗുണം കിട്ടുന്ന രൂപത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഗുണപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു.

ക്ഷേമ ആശംസകളോടെ

ആശംസകളോടെ,

രജിത.കെ.വി

കണിയാമ്പറ്റ

പ്രസിഡണ്ട്
കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്

ബഹുമാനപ്പെട്ട പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർ, ഭരണ സമിതി അംഗങ്ങൾ, സെക്രട്ടറി, ജീവനക്കാർ, സ്ഥാപന മേധാവികൾ, പൊതു പ്രവർത്തകർ, മാധ്യമ പ്രവർത്തകർ, എല്ലാവർക്കും നമസ്കാരം

വളരേയേറെ സന്തോഷത്തോടെയും അഭിമാനത്തോടെയുമാണ് ഞാൻ ഇന്ന് ഈ ഭരണസമിതിയുടെ നാലാമത്തെ ബഡ്ജറ്റ് നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത്. ജനക്ഷേമ പ്രവർത്തനങ്ങൾ അഴിമതി രഹിതമായും സ്വജനപക്ഷപാതമില്ലാതെയും നടപ്പാക്കിയിരുന്ന നമ്മുടെ പൂർവ്വീകരുടെ മാർഗ്ഗം തന്നെയാണ് ഇപ്പോഴും സ്വീകരിച്ചു വരുന്നത്. ജില്ലയുടെ മദ്ധ്യഭാഗത്ത് സ്ഥിതി ചെയ്യുന്ന നമ്മുടെ ഗ്രാമ പഞ്ചായത്ത്

ഫലഭൂയിഷ്ഠി നിറഞ്ഞതും കൃഷിക്ക് വളരെ അനുയോജ്യമാവുമാണ്. വൻകിട എസ്റ്റേറ്റുകളോ തൊഴിൽശാലകളോ മാർക്കറ്റുകളോ ഷോപ്പിംഗ് മാളുകളോ ടൂറിസ്റ്റ് കേന്ദ്രങ്ങളോ നമുക്കില്ല. ജലസേചന പദ്ധതികളും കുറവാണ്. ജലസ്രോതസ്സ് പ്രധാനമായും കാരായിപ്പുഴയാണ്. ചെറുകിട നാമമാത്ര കർഷകരും ചെറു കച്ചവടക്കാരും കാർഷിക തൊഴിലാളികളും മറ്റു പ്രവർത്തികളിൽ ഏർപ്പെടുന്ന തൊഴിലാളികളും ഇവിടെയുണ്ട്. ഹിന്ദു - മുസ്ലീം - ക്രൈസ്തവ വിഭാഗക്കാരും, വൈഷ്ണവ - ജൈന മത വിഭാഗക്കാരും പരസ്പര സ്നേഹ ബഹുമാനങ്ങളോടെ ഇവിടെ ജീവിച്ചു വരുന്ന നൂറ്റാണ്ടുകളുടെ പാരമ്പര്യമാണ് നമുക്കുള്ളത്. ധാരാളം അതിഥി തൊഴിലാളികൾ നമ്മുടെ ഗ്രാമ പഞ്ചായത്തിൽ എത്തി തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഭൂ വിസ്തൃതി കുറവും ജനസാന്ദ്രത കൂടുതലുമാണ്. 2011 ലെ സെൻസസ് അനുസരിച്ച് നമ്മുടെ ജനസംഖ്യ 33956 ആണ്. യഥാർത്ഥത്തിൽ ഇപ്പോൾ 42000-ൽ അധികമുണ്ട്.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിജിയുടെ സ്വപ്നമായിരുന്ന സ്വയം പര്യാപ്തതയുള്ള ഗ്രാമസ്വരാജ്. പഞ്ചായത്ത് രാജ് നിയമം വന്നതോടെ ജനങ്ങളുടെ താൽപര്യങ്ങൾ നിറവേറ്റുന്നതിനുള്ള പദ്ധതികൾ പൊതുജന പങ്കാളിത്വത്തോടെ ഗ്രാമസഭകളിൽ ചർച്ച ചെയ്ത്

അംഗീകരിച്ചു നടപ്പിലാക്കാൻ തുടങ്ങി. പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനങ്ങൾക്ക് പൂർണ്ണ പങ്കാളിത്വം ഉറപ്പാക്കിയുള്ള പ്രവർത്തനങ്ങൾക്ക് നമ്മുടെ ഗ്രാമ പഞ്ചായത്തും മുൻപിലുണ്ട്. നമുക്ക് ലഭിക്കുന്ന വിഭവങ്ങൾ പരമാവധി ഗുണപ്രദമായി വിനിയോഗിക്കുക എന്ന സമീപനമാണ് സ്വീകരിച്ചു വരുന്നത്. ഗ്രാമപഞ്ചായത്തിന് ഉത്തരവാദിത്വവും അവകാശവും അംഗീകാരവും ധനവിഹിതവും കൂടുതൽ ലഭിച്ച് തുടങ്ങുകയും ചെയ്തു.

കേരള പഞ്ചായത്ത് രാജ് നിയമിത്തിന്റെ 214-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചർച്ച ചെയ്ത് തയ്യാറാക്കിയ ബഡ്ജറ്റ് നിർദ്ദേശങ്ങൾ പരിഗണിച്ചാണ് 2024-25 ലെ വാർഷിക പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 02.02.2023 തീയതിയിലെ ധനകാര്യ സ്റ്റാന്റിഗ് കമ്മറ്റിയുടെ ............ നമ്പർ തീരുമാന പ്രകാരം ഐക്യഖണ്ഡേന അംഗീകരിച്ചു. കണിയാമ്പറ്റ ഗ്രാമ പഞ്ചായത്തന്റെ 2024-25 വർഷത്തേക്കുള്ള ഈ ബഡ്ജറ്റ് എസ്റ്റിമേറ്റ് ചർച്ചയ്ക്കും അംഗീകാരത്തിനുമായി ഭരണസമിതി മുമ്പാകെ സമർപ്പിക്കുകയാണ്.

നവകേരളത്തിന് ജനകീയാസൂത്രണം എന്ന തത്വത്തിൽ ഊന്നിയുള്ള സർക്കാർ തീരുമാനപ്രകാരം പ്രവർത്തിച്ചു വരുന്ന ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതു

വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ നാലു മിഷനുകളും സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മത്സ്യകൃഷി വികസനവും ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾക്ക് മുൻതൂക്കം നൽകിയിട്ടുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങളാണ് ഇവിടെ വിഭാവനം ചെയ്തിട്ടുള്ളത്.

## പ്രതീക്ഷിക്കുന്ന വരവുകൾ

### നികുതി നികുതിയേതരം

ഗ്രാമ പഞ്ചായത്തിൽ നികുതി അടച്ചു വരുന്ന 10869 വീടുകളും 2816 ഷോപ്പ് കെട്ടിടങ്ങളും 14 പെട്ടി കടകളും 62 ഓഫീസ് കെട്ടിടങ്ങളും 901 ക്വാർട്ടേഴ്സുകളും റിസോർട്ടും ഹോംസ്റ്റേകളുമായി 6 എണ്ണവും 40 വിദ്യാഭ്യാസ സ്ഥാപനങ്ങളുമാണ് നിലവിലുള്ളത്. ഇതിനെല്ലാം കൂടി .................... ലക്ഷം രൂപയാണ് വരുമാനം. എന്നാൽ പല വീടുകളും നികുതി നിർണ്ണയത്തിന് ശേഷം വലിപ്പം കൂട്ടിയിട്ടിട്ടുണ്ട്. അത്തരം വീടുകൾ കണ്ടെത്തി നികുതി പുനർനിർണ്ണയം നടത്തി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ആയതിലൂടെ നിലവിലുള്ള നികുതി വരുമാനം ഇരട്ടിയാക്കാൻ കഴിയും. ആയതിനുള്ള നടപടികൾ ആരംഭിക്കുന്നു.

പഞ്ചായത്തിൽ ആകെ 836 കച്ചവട സ്ഥാപനങ്ങളാണ് നിലവിൽ ലൈസൻസ് എടുത്തു പ്രവർത്തിക്കുന്നത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനും തുച്ഛമായ ലൈസൻസ് ഫീസ് ഉള്ള സ്ഥാപനങ്ങൾ സ്ഥാപനത്തിന്റെ മൂലധനം കണക്കാക്കി ലൈസൻസ് ഫീസ് വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ആയത് വർദ്ധിപ്പിക്കുന്നതിലൂടെ 7 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിന്റെ അധീനതയിലുള്ളതും വാടകക്ക് നൽകിയതുമായ സ്ഥാപനങ്ങളുടെ വാടക ഇനത്തിലൂടെയും 6,00,000/- രൂപ പ്രതീക്ഷിക്കുന്നു. കേരള കെട്ടിട നിർമ്മാണ ചട്ട പ്രകാരം പഞ്ചായത്തിലെ കെട്ടിടങ്ങൾ

നിർമ്മിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിന് പെർമിറ്റ് നൽകുന്നതിനും ഫൈൻ ഇനത്തിലും കൂടി 50 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിൽ ആകെ 110 സ്ഥാപനങ്ങളും 836 കച്ചവട സ്ഥാപനങ്ങളുമാണുള്ളത്. കച്ചവട സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും സർക്കാർ ജീവനക്കാരിൽ നിന്നും പൊതുമേഖലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ട്. വരുമാനത്തിനനുസരിച്ചാണ് തൊഴിൽനികുതി ചുമത്തുന്നത്. ഓഫീസ് അറ്റൻഡന്റിനും ഗസറ്റഡ് ജീവനക്കാരനും ഒരേ തൊഴിൽനികുതിയാണ് ഉള്ളത്. അത് വർദ്ധിപ്പിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. തൊഴിൽനികുതിയുടെ പരിധി പരമാവധി 2500 രൂപയും കുറഞ്ഞത് 240 രൂപയുമാണ്. വരുമാനം അനുസരിച്ച് തൊഴിൽനികുതി ചുമത്തുന്നതിലൂടെ 28 ലക്ഷം രൂപ ബജറ്റിൽ പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിലെ വിവാഹ രജിസ്ട്രേഷൻ, ജനന - മരണ രജിസ്ട്രേഷൻ, യഥാസമയത്ത് നികുതി അടക്കാതെ വരുന്ന ഫൈൻ, മാലിന്യം വലിച്ചെറിയുന്നതിലൂടെ ചുമത്തപ്പെടുന്ന ഫൈൻ, നിക്ഷേപങ്ങൾക്കുള്ള പലിശ എന്നിവ ഉൾപ്പെടെ 25 ലക്ഷം രൂപ വരുമാനം പ്രതീക്ഷിക്കുന്നു.

## നികുതി നികുതിയേതരം

## ഗ്രാന്റുകൾ

കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ്, സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതം, എം. എൽ. എ ഫണ്ട്, എം. പി ഫണ്ട്, സി. എസ്. ആർ ഫണ്ട് മുതലായവയിലൂടെ 50 കോടി രൂപ പ്രതീക്ഷിക്കുന്നു.

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ലഭിക്കുന്ന തുക 10 കോടി രൂപ പ്രതീക്ഷിക്കുന്നു.

## പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി

നമ്മുടെ നാട്ടിൽ 100 കണക്കിന് ആളുകൾ തീരാദുരിതം പേറി ജീവിക്കുന്നത് കാണുമ്പോൾ ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം, നിങ്ങളുടെ

ഉറക്കം കെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം എന്ന എ.പി.ജെയുടെ വാക്കുകൾ ഓർത്തുപോകുന്നു. ദുരിതം അനുഭവിക്കുന്ന രോഗികളെയും മറ്റും സഹായിക്കുന്നതിന് പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധിയിൽ 5 ലക്ഷം രൂപ പ്രതിവർഷം പ്രതീക്ഷിക്കുന്നു. അതിനായി മനുഷ്യ സ്നേഹികളിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും വിവാഹ രജിസ്ട്രേഷന് പഞ്ചായത്തിൽ വരുന്നവരിൽ നിന്നും സ്വമേധയാ സംഭാവന സ്വീകരിച്ചും തുക കണ്ടെത്തുന്നതിന് ബജറ്റിൽ ലക്ഷ്യമിടുന്നു.

## മറ്റ് വരവുകൾ

വിവിധ ഡെപ്പോസിറ്റ് ഇനത്തിലും കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിലൂടെയും ആകെ 10 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. ആസ്തി വിൽപ്പനയിലൂടെ 3 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു. ഷോപ്പിംഗ് കോംപ്ലക്സിന് വായ്പ ഇനത്തിൽ 2.5 കോടി രൂപയും പ്രതീക്ഷിക്കുന്നു.

## തനത് വിഭവങ്ങൾ - പൊതു ആസ്തികൾ

ജില്ലയിലെ മറ്റു ചില പഞ്ചായത്തുകളെ അപേക്ഷിച്ച് കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത് ജൈവ സമ്പുഷ്ടമാണ്. വലിയ കുന്നുകളും മലകളും ഇല്ലാത്തതിനാൽ കൃഷിക്ക് ഏറ്റവും അനുയോജ്യമാണ്. വനപ്രദേശമില്ലാത്തതിനാൽ വന്യമൃഗങ്ങളുടെ ശല്യവുമില്ല. പാരമ്പര്യ കൃഷി രീതികൾ അനുസരിച്ച് ഇവിടെ കൃഷി ചെയ്ത് വരുന്ന ഗന്ധകശാല, ജീരകശാല, വെളിയൻ, തൊണ്ടി, ചോമാല, കല്ലടി ആര്യൻ തുടങ്ങിയ തനത് നെൽ വിത്തിനങ്ങൾ നമുക്ക് ഉണ്ടായിരുന്നു. ഇത്തരം നെൽ വിത്തുകളുടെ ഉപയോഗം കുറഞ്ഞ് വരുന്നത് നമുക്ക് പൈതൃക നഷ്ടമാണ് ഉണ്ടാക്കുന്നത്. പുത്തരിച്ചുണ്ട, ചെറുവഴുതിന, കുറുന്തോട്ടി, ശംഖുപുഷ്പം, കീഴാർനെല്ലി തുടങ്ങിയ ഔഷധ സസ്യങ്ങളും വാലങ്കൊട്ട, കരിങ്കൊട്ട, നടേശൻ, കല്ലുവള്ളി, മുതലായ തനത് കുരുമുളക് ഇനങ്ങളും നമുക്കുണ്ടായിരുന്നു. ആദിവാസി വിഭാഗക്കാരുടെ പോഷക സമ്പന്നമായ ഇലക്കറികളും കാട്ടു കിഴങ്ങുകളും ഞണ്ടും ചെറുമീനുകളും അടങ്ങിയ ഭക്ഷണ രീതികളും നമ്മുടെ തനത് വിഭവങ്ങളാണ്. ഇവയെല്ലാം അന്യം നിന്ന് പോയിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഇവ സംരക്ഷിച്ച് നിലനിർത്തി വരുംതലമുറയ്ക്ക് കൂടി കൈമാറുന്നതിനുള്ള ശ്രദ്ധയും

പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കാട്ടുപന്നി, മയിൽ, കുരങ്ങ് മുതലായ ക്ഷുദ്രജീവികളുടെ ശല്യം മൂലം പൊറുതി മുട്ടുന്ന കർഷകരെ സഹായിക്കുന്നതിന് വനംവകുപ്പുമായി സംയോജിപ്പിച്ചുള്ള സംരക്ഷണ നടപടികൾക്കും പദ്ധതികൾ തയ്യാറാക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, കമ്പളക്കാട് ബസ് സ്റ്റാൻഡ്, കരണിയിലും കമ്പളക്കടിലും മില്ലുമുക്കിലുമുള്ള സ്റ്റേഡിയങ്ങൾ, പകൽ വീട്, വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള പൊതുകുളങ്ങൾ, കിണറുകൾ, പമ്പ് ഹൗസുകൾ, കനാലുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുര ശുശ്രൂഷാ കേന്ദ്രങ്ങൾ, മൃഗ ചികിത്സാ കേന്ദ്രങ്ങൾ, സാംസ്കാരിക നിലയങ്ങൾ, വായന ശാലകൾ, യൂത്ത് ക്ലബ്ബുകൾ, റോഡുകൾ, പാലങ്ങൾ, നടപ്പാതകൾ, കൾവർട്ടുകൾ, അംഗൺവാടികൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, തുടങ്ങിയവയാണ് പ്രധാന പൊതു ആസ്തികൾ.

## പ്രതീക്ഷിക്കുന്ന പ്രധാനപ്പെട്ട ചെലവുകൾ

### കാർഷിക - ക്ഷീര മേഖലകൾ

വർഷങ്ങൾക്കു മുമ്പ് ഇവിടുത്തെ മുഴുവൻ ജനങ്ങൾക്കും ഭക്ഷണ ത്തിനാവശ്യമായ അത്രയും നെല്ല് ഇവിടുത്തെ വിശാലമായ നെൽവയലുകളിൽ ഉൽപാദിപ്പിച്ചിരുന്നു. ജലസമ്പത്തിന്റെ അക്ഷയ ഖനികളായിരുന്ന വയലുകളുടെ ശോഷണം ജലക്ഷാമത്തിനും കാരണമാകുന്നു.  വയലുകളിൽ ഉയർന്ന് വന്ന കെട്ടിടങ്ങളും കവുങ്ങ്, തെങ്ങ്, വാഴ മുതാലയ കൃഷികളും വയലുകൾ ഇല്ലാതാക്കുകയും വെള്ളപ്പൊക്കത്തിന് ഇടവരുത്തുകയും ചെയ്യുന്നു. കാർഷിക മേഖലയിലെ തകർച്ച ഗ്രാമീണ മേഖലയിൽ സ്ത്രീ തൊഴിലാളികളുടെ തൊഴിലവസരങ്ങൾ ഗണ്യമായി കുറച്ചു.  നെൽ കർഷകരെ പ്രോത്സാഹിപ്പിക്കു ന്നതിനും സഹായിക്കുന്നതിനുമായി കൂലിച്ചെലവ് സബ്സിഡി നൽകുന്ന പദ്ധതി ത്രിതല പഞ്ചായത്തുകൾ സംയോജിതമായി നടപ്പാക്കി വരുന്നു. നെൽകൃഷി കൂലിച്ചെലവ് സബ്സിഡി നൽകുന്നതിന് വേണ്ടി ജില്ലാ - ബ്ലോക്ക് പഞ്ചായത്തുകളുടെ സഹായത്തോടെ 80 ലക്ഷം രൂപ ഈ ബജറ്റിൽ നീക്കി വെച്ചിട്ടുണ്ട്.  സബ്സിഡി നിരക്കിൽ ഉൽപ്പാദന ക്ഷമതയുള്ള നെൽവിത്ത് വിതരണം ചെയ്യുന്നതിന് 3 ലക്ഷം രൂപ ബജറ്റിൽ നീക്കി വെക്കുന്നു. വയലുക

ളിൽ ഫലപുഷ്ഠി കുറയാതിരിക്കുന്നതിനു വേണ്ടി കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ പയർവിത്ത് വിതച്ച് നൈട്രജൻ സമ്പുഷ്ടി ഉയർത്തുന്നതിനുള്ള പദ്ധതിയും പാഠശേഖര സമിതിയിലൂടെ നടപ്പാക്കി വരുന്നു. പയർ വിത്ത് വിതരണത്തിന് വേണ്ടി 1 ലക്ഷം രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു. ആഗോളപ്രസക്തി നേടിയ വയനാടൻ കുരുമുളകിന്റെ കൃഷി നാശം, രോഗ കീട ആക്രമണം, ദ്രുത വാട്ടം എന്നിവ വ്യാപകമാവുകയും കൃഷി പറ്റെ നശിച്ചു പോകുകയും ചെയ്തത് കർഷകരുടെ പതനത്തിന് വഴിയൊരുക്കി. കുരുമുളക് കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനു വേണ്ടി അത്യുൽപാദന ശേഷിയുള്ള കുരുമുളക് വള്ളികളും സങ്കരയിനം തെങ്ങിൻ തൈകളും സബ്സിഡി നിരക്കിൽ മുൻ വർഷങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. അത്യൂൽപാദന ശേഷിയുള്ള ജാതി, ഏലം, ഗ്രാമ്പു ബഡ് തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കാർഷിക മേഖലയ്ക്ക് തകർച്ച നേരിട്ടപ്പോൾ കർഷകർ ആശ്രയിച്ച മൃഗ പരിപാലനത്തിന് പ്രോത്സാഹനവും ധന സഹായവുമായി പാലിന് സബ്സിഡി നൽകുന്ന പദ്ധതി ജില്ലയിൽ ആദ്യമായി നടപ്പാക്കിയതും കണിയാമ്പറ്റയിലായിരുന്നു. പാലിന് സബ്സിഡി നൽകുന്നതിന് വേണ്ടി ഗ്രാമ – ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ 30 ലക്ഷം രൂപ നീക്കി വെക്കുന്നു. മൃഗാശുപത്രികളിലെ ഭൗതീക സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ മരുന്നുകൾ ലഭ്യമാക്കിയും ക്ഷീര കർഷകർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകി വരുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു. വരദൂർ ക്ഷീര സംഘത്തിൽ 2950430 ലിറ്ററും പള്ളിക്കുന്ന് ക്ഷീര സംഘത്തിൽ 2157722 ലിറ്ററും ചിറ്റാലൂർകുന്ന് ക്ഷീര സംഘത്തിൽ 556366 ലിറ്ററും ചീക്കല്ലൂർ ക്ഷീര സംഘത്തിൽ 292450 ലിറ്ററും, ചിത്രമൂല ക്ഷരീ സംഘത്തിൽ 257956 ലിറ്ററും കായക്കുന്ന് ക്ഷീര സംഘത്തിൽ 18033 ലിറ്ററും ഉൾപ്പടെ 6232957 ലിറ്റർ പാൽ കഴിഞ്ഞ വർഷം ശേഖരിച്ചിട്ടുണ്ട്. ക്ഷീര കർഷകർക്ക് ത്രിതല പഞ്ചായത്തുകൾ സംയുക്തമായി പാൽസബ്സിഡിക്ക് 30 ലക്ഷം രൂപയും ചികിത്സാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, മരുന്ന് വാങ്ങൽ എന്നിവയ്ക്ക് 15 ലക്ഷം രൂപയും ഉൾപ്പടെ ക്ഷീര മേഖലയ്ക്ക് 70 ലക്ഷം രൂപ വകയിരുത്തുന്നു. കന്നുകുട്ടി പരിപാലന പദ്ധതി സംർക്കാർ സബ്സിഡി ഇല്ലാത്തതിനാൽ നടപ്പിലാക്കാൻ പറ്റുന്നില്ല കാലിത്തീറ്റ വിതരണത്തിന് സബ്സിഡി ഉണ്ട്. രോഗം കൊണ്ട് തളർന്ന് വീഴുന്ന പശുക്കളെ താങ്ങി

എഴുനേൽപ്പിക്കുന്നതിനുള്ള ഉപകരണമായ കൗലിഫ്റ്റ് വാങ്ങി മൃഗാശുത്രികളിൽ കർഷകർക്കു വേണ്ടി സജ്ജീകരിച്ചിട്ടുണ്ട്.

മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി **സുഭിക്ഷ കേരളം പദ്ധതി** തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടുംപടുതാക്കുളത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്നവർക്ക് മത്സ്യ തീറ്റ നൽകുന്നതിനും പൊതുകുളങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് കൂടുതൽ ലഭ്യത ഉറപ്പ് വരുത്തുന്നതിനും മുറ്റത്തൊരു മീൻതോട്ടം പദ്ധതിയിലൂടെ നടപ്പാക്കുന്നു.

## ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ

കുടുംബശ്രീ വനിതകൾക്ക് വിവിധ ധനസഹായ പദ്ധതികളിലൂടെ ആരംഭിച്ചിട്ടുള്ള മൈക്രോ സംരംഭങ്ങൾ, ജെ.എൽ.ജി ഗ്രൂപ്പുകൾ നടപ്പാക്കിയിട്ടുള്ള പാട്ടകൃഷി, കൂട്ടുകൃഷി പ്രോത്സാഹനം, വനിതാ ഗ്രൂപ്പുകൾക്കുള്ള കോഴി വിതരണം എന്നീ പദ്ധതികൾ ഉൾപ്പടെ ഈ വർഷത്തെ ഉൽപ്പാദന മേഖലിയിലേക്ക് 210 ലക്ഷം രൂപ നീക്കി വെക്കുന്നു. 436 അയൽകൂട്ടങ്ങളും, 369 ജെ.എൽ.ജി ഗ്രൂപ്പുകളും ഗ്രാമ പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. ഗ്രാമ പഞ്ചായത്തിൽ മില്ലുമുക്ക് പ്രദേശത്ത് പ്രവർത്തിക്കുന്ന വനിത ജനകീയ ഹോട്ടലിനു വാടക, വെള്ളക്കരം വൈദ്യുതി എന്നിവയ്ക്കുള്ള ധനസഹായം നൽകുന്നതിനു വേണ്ടി 300000/- രൂപ വകയിരുത്തുന്നു. 7 തൊഴിൽ ഗ്രൂപ്പുകളും വ്യക്തിപരമായി 323 സംരംഭങ്ങളും നിലവിലുണ്ട്.

## സ്നേഹ സാന്ത്വനം

കിടപ്പ് രോഗികൾക്ക് സാന്ത്വനത്തോടൊപ്പം മരുന്നും പോഷകാഹാര കിറ്റും നൽകി വരുന്നു. സമൂഹത്തിന്റെ സവിശേഷമായ ശ്രദ്ധ ആവശ്യമുള്ളവരാണ് കിടപ്പുരോഗികൾ. ഏകാന്തത അനുഭവിക്കുന്ന ഇവരെ ചേർത്തു നിർത്തേണ്ടത്

സമൂഹത്തിന്റെ ആവശ്യമാണ്. ഇതിനായി പാലിയേറ്റീവ് പ്രവർത്തനത്തിനും ആവശ്യമായ **15 ലക്ഷം രൂപ** വകയിരുത്തിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് പ്രസിഡണ്ടും ജനപ്രതിനിധികളും പാലിയേറ്റീവ് പ്രവർത്തകർക്കൊപ്പം ഇവരെ സന്ദർശിക്കുകയും അവർക്ക് ആവശ്യമായ മെച്ചപ്പെട്ട സേവന പരിചരണങ്ങൾക്കുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഏറ്റവും കൂടുതൽ പരിഗണന നൽകി നടപ്പാക്കുന്നതിനും കിടപ്പ് രോഗികൾക്ക് പോഷകാഹാര കിറ്റ് വീടുകളിൽ എത്തിച്ചു നൽകുന്നതിനും ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. പാലിയേറ്റീവ് കിടപ്പ് രോഗികൾക്ക് വളരെ അത്യാവശ്യമായിട്ടുള്ള അഡ്ജസ്റ്റബിൾ ഹോസ്പിറ്റൽ **കട്ടിൽ,** ഓക്സിജൻ ഉപകരണങ്ങൾ എന്നിവ **വാങ്ങി നൽകിയിട്ടുണ്ട്.**

**പെൻഷൻ**

ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ അർഹതപ്പെട്ടവർക്ക് പെൻഷൻ ലഭിക്കുന്ന നടപടികൾ പൂർത്തിയാക്കുന്നുണ്ട്. പെൻഷന് അർഹതയുള്ള മുഴുവൻ ആളുകൾക്കും പെൻഷൻ നൽകുന്നതിനു വേണ്ടി ആവശ്യമെങ്കിൽ പെൻഷൻ അദാലത്തുകൾ സംഘടിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. നിലവിൽ 3027 പേർക്ക് വാർദ്ധക്യകാല പെൻഷനും 1981 പേർക്ക് വിധവാ പെൻഷനും 432 പേർക്ക് ഭിന്നശേഷി പെൻഷനും 558 പേർക്ക് കർഷക തൊഴിലാളി പെൻഷനും നൽകി വരുന്നുണ്ട്.

**സമ്പൂർണ ഭവനം**

ജില്ലയിലെ ഇതര ഗ്രാമ പഞ്ചായത്തുകളെ അപേക്ഷിച്ച് ഇവിടെ ജനസാന്ദ്രത കൂടുതലായതിനാൽ പാർപ്പിട മേഖലയിലെ പ്രശ്നങ്ങൾ മറ്റ് പഞ്ചായത്തുകളേക്കാൾ നമുക്ക് കൂടുതൽ വെല്ലുവിളിയാണ്. ദുർബല വിഭാഗത്തിൽ പെട്ട സാധാരണക്കാരുടെ ജീവിത സ്വപ്നങ്ങളിൽ ഏറ്റവും മുൻപന്തിയിലുള്ളത് വാസയോഗ്യമായ സ്വന്തമായൊരു ഭവനം എന്നത് തന്നെയാണ്. ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ മുൻ വർഷ പദ്ധതികളിലും നടപ്പു വാർഷിക പദ്ധതിയിലും വരും വർഷ പദ്ധതിയിലുമെല്ലാം ഭവന നിർമ്മാണത്തിന് മുന്തിയ പരിഗണന നൽകി വരുന്നു.

വിവിധ ഘട്ടങ്ങളിലായി നിർമ്മാണം നിലച്ചു പോയിരുന്ന 41 വീടുകൾ വാസയോഗ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് തിരെഞ്ഞെടുത്ത 272 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവരുടെ ഭവന നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നുണ്ട്. ഭൂരഹിതരായി ജനറൽ വിഭാഗത്തിൽ 140 പേരും പട്ടിക വർഗ്ഗ വിഭാഗത്തിൽ 416 പേരും പട്ടികജാതി വിഭാഗത്തിൽ 45 പേരും ഉൾപ്പടെ 601 ഗുണഭോക്താക്കൾ ഉണ്ട്. ഭവന രഹിതരായി ജനറൽ വിഭാഗത്തിൽ 495 ഉം പട്ടിക വർഗ്ഗ വിഭാഗത്തിൽ 116 ഉം പട്ടികജാതി വിഭാഗത്തിൽ 39 ഉം ഉൾപ്പടെ 650 പേർ വീടിനായി കാത്തിരിക്കുന്ന ലിസ്റ്റിൽ ഉണ്ട്. ലിസ്റ്റിൽ ഉൾപ്പെടാത്തവരും ഭവന നിർമ്മാണത്തിന് ധനസഹായത്തിനായി കാത്തിരിക്കുന്നവരും ധാരാളമുണ്ട്. ഭൂഹിരതരായ ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് സ്ഥലം കണ്ടെത്തി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെങ്കിലും സാങ്കേതി തടസ്സങ്ങൾ മൂലം കഴിയുന്നില്ല.

## <u>കുടിവെള്ളം</u>

ശുദ്ധമായ കുടിവെള്ളം ഗ്രാമ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് കമ്പളക്കാട് കുടിവെള്ള പദ്ധതിയിലൂടെ വിതരണം ചെയ്ത് വരുന്നുണ്ട്. കൂടാതെ പഞ്ചായത്ത് പരിധിയിൽ പലയിടത്തും ജലനിധി പദ്ധതിയിലൂടെയും ജലവിതരണം നടക്കുന്നുണ്ട്. ഈ പദ്ധതികളിലൂടെയുള്ള ശുദ്ധജലവിതരണം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഇവയിലൊന്നും ഉൾപ്പെടാത്ത പ്രദേശങ്ങളിൽ പൊതു കിണറുകൾ നൽകിയും ശുദ്ധജലക്ഷാമം പരിഹരിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്തിൽ നിലനിന്നിരുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിൽ നമ്മൾ വിജയിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ പുതിയ പദ്ധതിയായ ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി 935 ഗുണഭോക്താക്കൾക്ക് കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതി പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി നടപ്പിലാക്കുകയും ആയതിന് 5 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ ബാഹുല്യം കാരണം കുടിവെള്ള ലഭ്യത കുറവുള്ള മേഖലകളായ ചീക്കല്ലൂർ, കരണി, നെല്ലിയമ്പം, നടവയൽ, എടക്കൊമ്പം, വരദൂർ എന്നീ പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി കരണിയിൽ വാട്ടർ അതോറിറ്റിക്ക്

ടാങ്ക് നിർമ്മിക്കുന്നതിന് 15 സെന്റ് സ്ഥലം വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജലജീവൻ പദ്ധതിയിലൂടെ അയ്യായിരത്തിലധികം പേർക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. 20 ലക്ഷം രൂപ ഇതിന് വകയിരുത്തുന്നു.

## ആരോഗ്യം

ആരോഗ്യ മേഖലയിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ഒരു ആശുപത്രി പോലും ഗ്രാമ പഞ്ചായത്തിൽ ഇല്ല എന്നുള്ളത് പോരായ്മയായി നില നിൽക്കുകയാണ്. നടവയൽ ആയുർവ്വേദ ഡിസ്പെൻസറി, കണിയാമ്പറ്റ ഹോമിയോ ഡിസ്പെൻസറി, വരദൂരിലുള്ള പ്രൈമറി ഹെൽത്ത് സെന്റർ എന്നി വയാണ് നമുക്കുള്ള ചികിത്സാലയങ്ങൾ. ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതീക സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ മരുന്നുകൾ ലഭ്യമാക്കിയും മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. 2019 – 2020 സാമ്പത്തിക വർഷത്തിൽ വരദൂർ പി. എച്ച്. സി കുടുംബാരോഗ്യ കേന്ദ്രമായി കേരള സർക്കാർ ഉയർത്തിയിട്ടുണ്ട്. കിട പ്പിലായ രോഗികൾക്ക് മുടങ്ങാതെ പോഷകാഹാര കിറ്റ് നൽകിയും പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക നൽകിയും ജനസേ വന പദ്ധതികൾ ഈ മേഖലയിൽ നടപ്പിലാക്കി വരുന്നുണ്ട്. ശുചിത്വം ശീലമാക്കി കൊതുക് പരത്തുന്ന രോഗങ്ങൾക്കും മറ്റ് പകർച്ചവ്യാധി രോഗങ്ങൾക്കുമെതിരെ ബോധവത്കരണം നടത്താനും വീടുകൾ തോറും കയറി കൊതുകിന്റെ ഉറവിടം നശിപ്പിക്കാനും സമൂഹത്തിന്റെ ആരോഗ്യം ഉറപ്പാക്കുവാനും ആശാ വർക്കർമാർ, ഹെൽത്ത് ജീവനക്കാർ, കുടുംബശ്രീ അംഗങ്ങൾ, വാർഡ് സാനിട്ടേഷൻ കമ്മറ്റി അംഗങ്ങൾ എന്നിവരുടെ സഹായത്തോടെയും കോവിഡ് മഹാമാരിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട ആർ. ആർ. ടി യുടെ സഹായത്താലും പഞ്ചായത്തിലെ എല്ലാ വീടുകളും സന്ദർശിക്കുന്നതിനും വാർഡ്തല സാറ്റിനേഷൻ ഫണ്ട് ഉപയോഗിച്ച് പരിസര ശുചീകരണവും കുടിവെള്ള സംരക്ഷണവും നടപ്പാക്കുന്നതിന് ഓരോ വാർഡിലും 25000 രൂപ പ്രകാരം 450000 രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഗാർഹിക മാലിന്യ സംസ്കരണ പദ്ധതിക്ക് മുൻതൂക്കം നൽകിയുള്ള പ്രവർത്തികൾക്ക് ധനസഹായം വകയിരുത്തി പദ്ധതി ആരംഭിക്കുന്നു.

ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് അവർക്കാവശ്യമായ വാഹനങ്ങൾ, ഉപകരണങ്ങൾ, എന്നിവ വാങ്ങിയിട്ടുണ്ട്. ജീവിത ശൈലീ രോഗം മൂലം കഷ്ടപ്പെടുന്നവർക്കും പ്രഭാത സവാരിക്കാർക്ക് വേണ്ടിയും ഫിസിക്കൽ ഫിറ്റ്നെസ് സെന്റർ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ചുകൊണ്ട് നടപ്പിലാക്കുന്നതിന് 7 ലക്ഷം രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു. കഴിഞ്ഞ വർഷ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന ഷീ ഹെൽത്ത് പരിപാടിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി ഈ വർഷം തുടർ പദ്ധതി വിഭാവനം ചെയ്യുന്നു. പ്രധാന ടൗണുകളിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിനു വേണ്ടി പദ്ധതി തയ്യാറാക്കുന്നു. പുഴകളിൽ അടിഞ്ഞു കൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനുള്ള മാലിന്യ നിർമ്മാർജ്ജന പരിപാടിക്കായി 25 ലക്ഷം രൂപ വകയിരുത്തുന്നു. ഗാർഹിക മാലിന്യ സംസ്കരണ പദ്ധതിക്ക് അനുയോജ്യമായ ബയോബിന്നുകൾ എല്ലാ വീടുകളിലും നൽകുന്നതിനുള്ള പദ്ധതി ഈ വർഷം തന്നെ നടപ്പാക്കുന്നുണ്ട്.

ഗ്രാമ **പഞ്ചായത്തിന്റെ** തനത് ഫണ്ട് ഉപയോഗിച്ച് വരദൂർ പി.എച്ച്.സിയിൽ ആരംഭിച്ചിട്ടുള്ള സായാഹ്ന ഒ.പിയും കൊച്ചിൻ ഷിപ്പിയാർഡും കൈരളി ടി.എം.ടി കമ്പനിയും അവരുടെ സി.എസ്.ആർ ഫണ്ടിൽ നിന്നും അനുവദിച്ച് തുകയും ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടും ഉപയോഗിച്ച് ലഭ്യമാക്കിയ ആംബുലൻസും നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. മോണ്ട്ലിസ കാഡ്ബറി കമ്പനിയുടെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് വരദൂർ പി.എച്ച്.സിയിൽ ലബോറട്ടറി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. **കേരള** ഗ്രാമീൺ ബാങ്കിൽ നിന്നും സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് വാങ്ങിയിട്ടുള്ള വാഹനം ഒരാഴ്ചക്കുള്ളിൽ ലഭിക്കുന്നതാണ്.

വരദൂർ പി.എച്ച്.സി**യിലെ** സബ്സെന്ററുകൾക്ക് ഫർണിച്ചർ, അറ്റകുറ്റ പണികൾ, ആശുപത്രിയിൽ സി.സി.ടി.വി, പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ, സ്ത്രീരോഗ നിർണ്ണയ ചികിത്സ എന്നിവയ്ക്കെല്ലാം പദ്ധതികൾ

ഉണ്ട്. ആയുർവേദ ആശുപത്രികളിലേക്ക് മരുന്ന് വാങ്ങൽ, വയോജന ചികിത്സാ പദ്ധതി, സ്ഥാപനത്തിലേക്ക് വാട്ടർ പ്യൂരിഫയർ, ജലലഭ്യതക്കുള്ള കുഴൽ കിണർ നിർമ്മാണം എന്നിവയും നടപ്പാക്കുന്നു. ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ, ഡിസ്പെൻസറി കെട്ടിടം പെയിന്റിംഗ് എന്നിവയ്ക്കും പദ്ധതി തയ്യാറാക്കുന്നു. പഴക്കമുള്ള ഡിസ്പെൻസറി കെട്ടിടത്തിന് പുതിയ കെട്ടിടം പണിയുന്നതിനും പദ്ധതി ആവശ്യമുണ്ട്. വരദൂര് പി.എച്ച്.സിയിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനും, പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കും കൂടുതൽ തുക വകയിരുത്തുന്നുണ്ട്. സബ്സെന്ററുകളുടെ പുനരുദ്ധാരണത്തിനും ആവശ്യമായ ഫർണിച്ചർ നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നു.

## വിദ്യാഭ്യാസം

ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമായ നിലയിൽ എത്തിക്കുന്നതിന് മുൻവർഷ പദ്ധതികളിലൂടെ സാധിച്ചിട്ടുണ്ട്. കൂടുതൽ കുടിവെള്ള സൗകര്യങ്ങളും, ഫർണിച്ചർ, ക്ലാസ് മുറികൾ, ശൗചാലയങ്ങൾ മുതലായവ നൽകുന്നതിനുള്ള പദ്ധതികൾ തുടർച്ചയായി നടന്നു വരുന്നുണ്ട്. പഞ്ചായത്തിലെ ആദിവാസി കോളനികളിൽ 793 ആളുകൾ ഇപ്പോഴും സാക്ഷരരല്ല. കോളനികളിൽ സാക്ഷരതാ പ്രവർത്തനം നടത്തുന്നതിന് വേണ്ടിയും ഇൻസ്ട്രക്ടർമാരുടെ വേതനം, പഠനോപകരണം, പരിശീലനം എന്നിവ നടപ്പിലാക്കുന്നതിന് വേണ്ടി നടപ്പ് സാമ്പത്തിക വർഷം ആദിവാസി സമ്പൂർണ്ണ സാക്ഷരതാ പദ്ധതിക്ക് ആവശ്യമായ തുക നീക്കി വെക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുകയാണ്.

ആദിവാസി മേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് വിദ്യാർത്ഥികൾ സ്കൂളിൽ എത്തുന്നത് ഉറപ്പാക്കുന്നതിന് വേണ്ടി വാർഡ് മെമ്പർ, അദ്ധ്യാപകർ, രക്ഷാകർത്താക്കൾ, പട്ടികവർഗ്ഗ പ്രൊമോട്ടർ, ആരോഗ്യ വകുപ്പ് എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് സമിതി രൂപീകരിക്കുകയും എല്ലാ മാസങ്ങളിലും കോളനികൾ സന്ദർശിച്ച് നിരന്തരമായ മേൽനോട്ടവും കൗൺസിലിങ്ങും നടത്തുന്നതിനും ലക്ഷ്യമിടുന്നു.

പഞ്ചായത്തിലെ നെല്ലിയമ്പം, ചീക്കല്ലൂർ, കണിയാമ്പറ്റ, കമ്പളക്കാട് എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി സഹവാസ ക്യാമ്പുകൾ, പഠന യാത്രകൾ, ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകൾ, കലാ-കായിക മേളകൾ എന്നിവ നടത്തുന്നതിനും സ്കൂളുകളിൽ സൗകര്യമായ ഇടങ്ങളിൽ പാർക്ക് നിർമ്മിക്കുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു. കുട്ടികൾക്ക് പരിശീലകനെ നിയമിച്ച് നീന്തൽ പരിശീലനം നൽകുന്നതിനുമുള്ള പദ്ധതി മുൻഗണനയോടെ നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു.

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം, യൂണിഫോം സ്റ്റിച്ചിംഗ് ചാർജ്ജ് എന്നിവയും ചുണ്ടക്കര കിന്റർ ഗാർട്ടൻ കുട്ടികൾക്ക് യൂണിഫോം, കുട, ബാഗ് എന്നിവ നൽകുന്നതിനും പദ്ധതി തയ്യാറാക്കുന്നു. വിദ്യാലയങ്ങൾക്കാവശ്യമായ ഫർണിച്ചർ, അറ്റകുറ്റപ്പണി, സ്കൂളുകളിൽ അടുക്കളത്തോട്ടം എന്നിവയ്ക്കും തുക വകയിരുത്തുന്നുണ്ട്. ആദിവാസി സമ്പൂർണ്ണ സാക്ഷരതയ്ക്കും ആദിവാസി സാക്ഷരതാ തുടർ പഠനത്തിനും പദ്ധതികൾ തയ്യാറാക്കി തുക വകയിരുത്തിയിട്ടുണ്ട്. എസ്.സി/എസ്.ടി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം നൽകി ഉപകരണങ്ങൾ നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. അവരുടെ ഗോത്ര കലകൾ അന്യം നിന്ന് പോകാതെ സംരക്ഷിക്കേണ്ടത് കാലഘടത്തിന്റെ ആവശ്യമാണ്. ഉന്നത പഠനത്തിന് സഹായകമായി എസ്.സി- എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകി വരുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകി വരുന്നുണ്ട്.

**ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമം**

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ബ്ലോക്ക് – ജില്ലാപഞ്ചായത്ത് വിഹിതം ഉൾപ്പെടെ 20 ലക്ഷം രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു. ഭിന്നശേഷികുടുംബങ്ങളുടെ ഉന്നമനത്തിനായുള്ള

പദ്ധതികൾക്കു വേണ്ടി 5 ലക്ഷം രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു. കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തിയ ഭിന്നശേഷിക്കാരായ കുട്ടികളുടെ തുടർ പരിചരണത്തിന് ബജറ്റിൽ തുക നീക്കി വെക്കുന്നു. കിഡ്നി രോഗികളെ സഹായിക്കുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ ജീവനം പദ്ധതിയിലേക്ക് 2 ലക്ഷം രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു. സഹായ ഉപകരണങ്ങൾ നൽകുന്നതിന് വേണ്ടി 5 ലക്ഷം രൂപയും, സ്വയം തൊഴിൽ ധനസഹായത്തിനായി 5 ലക്ഷം രൂപയും ഈ ബഡ്ജറ്റിൽ തുക വകയിരുത്തുന്നു.

## വയോജനക്ഷേമം

ഒരു കാലത്ത് തങ്ങളുടെ ആരോഗ്യവും കഴിവും സമ്പത്തും സമൂഹത്തിന്റെയും കുടുംബത്തിന്റെയും ഉന്നമനത്തിനായി ചെലവഴിച്ചവരാണ് നമ്മുടെ രക്ഷിതാക്കൾ. ജീവിത സായന്തനത്തിൽ അവരെ ചേർത്തു നിർത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. വയോജനങ്ങൾക്ക് ആയുർവ്വേദ മരുന്നുകൾ വാങ്ങുന്നതിന് 3 ലക്ഷം രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു. പഞ്ചായത്തിലെ കമ്പളക്കാട്, കണിയാമ്പറ്റ, ചുണ്ടക്കര മേഖലകളിൽ ജനങ്ങൾക്കു കൂടി ആയുർവ്വേദ ആശുപത്രിയുടെ സേവം ലഭ്യമാക്കുന്നതിനായി കമ്പളക്കാട് ആയുർവ്വേദ ആശുപത്രി സബ് സെന്റർ ആരംഭിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ വയോജനങ്ങൾക്കായി വാർഡുകൾ കേന്ദ്രീകരിച്ച് ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും വയോജനമേളകൾ നടത്തുന്നതിനും വയോജനങ്ങളുടെ സർഗ്ഗാത്മക രചനകൾ പ്രസിദ്ധീകരിക്കുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു. വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിന് വേണ്ടി ഉല്ലാസ യാത്ര നടത്തുന്നതിനും വാർഡുകൾ തോറും വയോജന ക്ലബ്ബുകൾ രൂപീകരിച്ച് അവരുടെ കൂടിച്ചേരലുകൾക്ക് ഇടം നൽകുന്നതിനും ഉദ്ദേശിക്കുന്നു. അർഹതപ്പെട്ട എല്ലാവർക്കും വാതിൽപ്പടി സേവനങ്ങൾ എത്തിച്ചു നൽകുന്നതിനുള്ള പദ്ധതി ഈ വർഷം തന്നെ നടപ്പാക്കുന്നു.

## വനിതാ ക്ഷേമം

സ്ത്രീ ശാക്തീകരണത്തിനും അവയുടെ വരുമാനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുമുള്ള ഒട്ടനവധി പദ്ധതികൾ കുടുംബശ്രീ മുഖേന നടപ്പാക്കി വരുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ 436 അയൽകൂട്ടങ്ങളും 140 ജെ.എൽ.ജി ഗ്രൂപ്പുകളും നിലവിലുണ്ട്. വനിതകളുടെ ആഴ്ച ചന്ത എല്ലാ ബുധനാഴ്ചകളിലും പഞ്ചായത്ത്

ആസ്ഥാനത്ത് നടത്തി വരുന്നു. ഇതിലൂടെ **വനിതകളെ** സാമൂഹികമായും സാമ്പത്തികമായും ശാക്തീകരിക്കുക എന്നതാണ് പഞ്ചായത്തിന്റെ ലക്ഷ്യം. വനിതകളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ഷി ഹെൽത്ത് പദ്ധതിക്ക് വേണ്ടി 6 ലക്ഷം രൂപ കഴിഞ്ഞ ബജറ്റിൽ നീക്കി വെച്ചതിന്റെ പ്രവർത്തികൾ നടന്നുവരുന്നുണ്ട്. ഇതിന്റെ തുടർ പ്രവർത്തികൾക്കായി ഈ വർഷവും വകയിരുത്തുന്നുണ്ട്. വാർഡുകളിൽ നിലവിലുള്ള സാംസ്കാരിക കേന്ദ്രങ്ങൾ വനിതാകേന്ദ്രങ്ങളാക്കി മാറ്റി അവരുടെ കൂടിച്ചേരലുകൾക്ക് അവസരം നൽകുന്നതിനും ഇവയുടെ നടത്തിപ്പും സൂക്ഷിപ്പും വനിതകളെ ഏൽപിക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നു. വനിതകൾക്ക് നിർഭയമായി രാത്രിയിൽ യാത്ര ചെയ്യുന്നതിനു വേണ്ടി പഞ്ചായത്തിലെ ഏതെങ്കിലും ഒരു വാർഡിലെ പ്രധാന നിരത്ത് സി.സി.ടി.വി ക്യാമറ, ലൈറ്റ് എന്നിവ സ്ഥാപിച്ച് സഞ്ചാരയോഗ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നുണ്ട്. **പനമരം ബ്ലോക്ക് പഞ്ചായത്തിൽ അനുവദിച്ച വനിതാ ഉൽപ്പന്ന വനിതാ വിപണന കേന്ദ്രം കുടുംബശ്രീയുടെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ ഇവിടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തി വരുന്നുണ്ട്.**

## <u>കുട്ടികളുടെ ക്ഷേമം</u>

കുട്ടികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് അംഗൺവാടികളുടെ പ്രവർത്തനം, അംഗൺവാടി വർക്കർമാർക്കുള്ള അധിക വേതനം, അംഗൺവാടി കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാരം, അംഗൺവാടി വൈദ്യുതീകരണം, കുടിവെള്ള സൗകര്യം, ഫർണിച്ചർ, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവക്കായി ത്രിതല പഞ്ചായത്തുകൾ

സംയുക്തമായി 70 ലക്ഷം രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു. സ്പോർട്സ് കൗൺസിലുമായി സംയോജിച്ച് നീന്തൽ പരിശീലനവും ഒരു സ്പോർട്സ് അക്കാദമിയും ആരംഭിക്കുന്നതിനും ആലോചനയുണ്ട്. പനങ്കണ്ടി കുളത്തിന്റെ പ്രാന്ത പ്രദേശങ്ങൾ വികസിപ്പിച്ച് ഇരിപ്പിടം. ടോയ്‌ലറ്റ്, നടപ്പാത എന്നിവ നിർമ്മിച്ച് സൗന്ദര്യവത്കരണം നടത്തി പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുന്നതിനായി ഉദ്ദേശിക്കുന്നു.

## ഘടക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് വേണ്ടിയും കെട്ടിടത്തിന് വേണ്ടിയും ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. ഈ വർഷത്തെ ബജറ്റിൽ 15 ലക്ഷം രൂപ നീക്കി വെക്കുന്നു. കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ഫർണിച്ചർ, ലാപ്ടോപ് എന്നിവ ലഭ്യമാക്കി മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുന്നു.

## പശ്ചാത്തല മേഖലയിലെ വികസനം

ഗ്രാമ പഞ്ചായത്തുകളുടെ റോഡുകളുടെ നിർമ്മാണത്തിനും നവീകരണ ത്തിനും എല്ലാ വർഷവും തുക വിനിയോഗിച്ച് വരുന്നുണ്ട്. പശ്ചാത്തല മേഖല യുടെ വികസനത്തിന് ആവശ്യമായ തുകയുടെ ചെറിയൊരു അംശം മാത്രമെ പ്രതിവർഷം ലഭിക്കുന്നുള്ളൂ. ത്രിതല പഞ്ചായത്ത് ഫണ്ടുകളും ബഹു. എം.പി, എം.എൽ.എ ഫണ്ടുകളും സർക്കാറിന്റെ ഇതര ഏജൻസികളുടെ ധനസഹായവും കൂടി വിനിയോഗിച്ചുകൊണ്ടാണ് ഈ മേഖലയിലെ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പി ച്ചുകൊണ്ടുള്ള ഗ്രാമീണ റോഡുകളുടെ നിർമ്മാണവും നവീകരണവും നടന്നു വരുന്നുണ്ട്. കമ്പളക്കാട്, കണിയാമ്പറ്റ, കരണി എന്നീ അങ്ങാടികളിൽ നടപ്പാത കളുടെ നിർമ്മാണവും കൈവരികൾ സ്ഥാപിക്കലും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. വ്യാപാരി വ്യവസായികളുമായി സഹകരിച്ച് ഇതിനോട് ചേർന്ന് ടൌണുകളുടെ സൌന്ദര്യ വത്കരണവും നടപ്പാക്കുന്നുണ്ട്. വരദൂർ പാലത്തിന് സമീപമുള്ള റോഡിന്റെ ഇരുവശവും പൂന്തോട്ടവും ഇരിപ്പിട സൗകര്യവും

സ്ഥാപിച്ച് സൗന്ദര്യ വൽക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഗ്രാമീണ റോഡുകളുടെ നാമകരണത്തിനും സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനും **തുക** ഈ ബജറ്റിൽ നീക്കി വെക്കുന്നു. പഞ്ചായത്തിലെ റോഡുകൾ റീ ടാറിംഗ് നടത്തുന്നതിനു **വേണ്ടിയും റോഡുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 185 കോടി രൂപ വകയിരുത്തുന്നു.** ഗ്രാമീണ റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിനും ഇന്റർലോക്ക് പതിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് 2 കോടി രൂപ ബജറ്റിൽ നീക്കി വെക്കുന്നു. ഗ്രാമ പഞ്ചായത്തിൽ 32021 മീറ്റർ മൺറോഡും 9350 മീറ്റർ മെറ്റൽ റോഡും 91070 മീറ്റർ ടാർ റോഡും 37240 മീറ്റർ കോൺക്രീറ്റ് റോഡും 7600 മീറ്റർ നടപ്പാതയും 1200 മീറ്റർ ഇന്റർലോക്ക് ചെയ്ത റോഡും നിലവിലുണ്ട്. പാടിക്കര, ചിത്രമൂല വി.സി.ബിക്ക് മൈനർ ഇറിഗേഷനിൽ നിന്നും 1 കോടി 39 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പെട്ടെന്ന് തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. കല്ലംചിറ - പാടിക്കര റോഡിൽ ഒരു കൾവർട്ട് നിർമ്മിച്ച് മെച്ചപ്പെട്ട ഗതാഗത സൗകര്യത്തിന് പദ്ധതിയിടുന്നു. 4,6,9 വാർഡുകൾക്ക് വരദൂർ പി.എച്ച്.സിയുമായി ബന്ധപ്പെടുന്നതിനും മറ്റു ആവശ്യങ്ങൾക്കു വളരെ ഉപകാരപ്രദമായ ഈ പദ്ധതിക്കും ആവശ്യമായ തുക നീക്കി വെക്കുന്നു.

**തെരുവ് വിളക്കുകൾ**

തെരുവ് വിളക്കുകൾ തടുർച്ചയായി കേട് വന്ന് കത്താതെ ആവുന്നതിന് പരിഹാരമായി കേരള സർക്കാരിന്റെ നിലാവ് എന്ന പദ്ധതി പ്രകാരം 954 എൽ. ഇ. ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിലുള്ള സ്ട്രീറ്റ് ലൈറ്റ് കത്താത്ത സ്ഥലങ്ങളിൽ എൽ. ഇ. ഡി ലൈറ്റ് സ്ഥാപിക്കുക, നഗര പ്രദേശങ്ങളിലും ജംഗ്ഷനുകളിലും പ്രകാശം കൂടിയ എൽ. ഇ. ഡി ലൈറ്റുകൾ സ്ഥാപിക്കുക എന്നിവയാണ് നിലാവ് പദ്ധതികൊണ്ട് ഉദ്ദേശിച്ചത്. കൂടുതൽ പ്രദേശങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനു വേണ്ടി സ്ട്രീറ്റ്മെയിൻ വലിക്കുന്നതിന് 15 ലക്ഷം രൂപയും തെരുവ് വിളക്കുകൾ എൽ.ഇ.ഡി

ലൈറ്റുകളാക്കി മാറ്റുന്നതിന് 15 ലക്ഷം രൂപയും വകയിരുത്തുന്നു.

**<u>യുവജന ക്ഷേമം, കലാ - കായികം - വിദ്യാഭ്യാസം</u>**

ഗ്രാമീണ മേഖലയിൽ യുവതീ - യുവാക്കളുടെ കലാ-കായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തിലെ കരണി, മില്ലുമുക്ക്, കമ്പളക്കാട് എന്നീ സ്ഥലങ്ങളിലെ സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിനും ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം നടത്തുന്നതിനും കേരളോത്സവം, ഗ്രാമോത്സവം, ബാലകലോത്സവം എന്നിവ നടത്തുന്നതിനും ഈ ബജറ്റിൽ തുക വകയിരുത്തുന്നു. പഞ്ചായത്തിലെ പനങ്കണ്ടിയിലെ പഞ്ചായത്ത് കുളം നവീകരിച്ച് നീന്തൽക്കുളമാക്കുന്നതിന് 10 ലക്ഷം രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു. പതിനെട്ടാം വാർഡിലെ കുളം നീന്തൽ കുളമായി നവീകരിക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നു.

പഞ്ചായത്തിലെ ഫുട്ബോൾ, ക്രിക്കറ്റ്, കബഡി താരങ്ങളെ പരിശീലിപ്പി ക്കുന്നതിനും പുതിയ താരങ്ങളെ വാർത്തെടുക്കുന്നതിനും കോച്ചിംഗ് ക്യാമ്പു കൾ കമ്പളക്കാട്, മില്ലുമുക്ക്, കണിയാമ്പറ്റ, നടവയൽ, കരണി എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു.

ലോകം മാറ്റത്തിന്റെ പാതയിലാണ്. ഈ മുന്നേറ്റത്തിൽ നാം പിന്തള്ളപ്പെട്ടുകൂട. ആവശ്യമായ അറിവ് എല്ലാവരിലും എത്തിക്കുക, ആധുനിക രീതിയിൽ ലൈബ്രറി സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി പഞ്ചായത്തിലെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന തെരഞ്ഞെടുക്കപ്പെടുന്ന ലൈബ്രറികൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് ആവശ്യമായ തുക വകയിരിത്തുന്നു.

**<u>പട്ടികജാതി വികസനം</u>**

ഗ്രാമപഞ്ചായത്തിൽ 928 പട്ടികജാതിക്കാരാണ് ഉള്ളത്. ഇവരുടെ ഉന്നമനത്തിനായി സർക്കാർ 27 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആ മേഖലയിലെ അംഗൺവാടി കുട്ടികളുടെ പോഷകാഹാരത്തിന് വേണ്ടിയും ഭവന നിർമ്മാണത്തിന് വേണ്ടിയും ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനും

വീട് പുനരുദ്ധാരണത്തിനും **ഗതാഗത സൌകര്യം മെച്ചപ്പെടുത്തുന്നതിനും** വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനും ഉൾപ്പെടെ 27 ലക്ഷം രൂപ ഈ ബജറ്റിൽ തുക നീക്കി വെച്ചിട്ടുണ്ട്. താമരക്കൊല്ലിയിൽ എസ്.സി പരിശീലനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് തൊഴിൽ പരിശീലനം ആരംഭിക്കുന്നതിനുള്ള പദ്ധതികളും പി.എസ്.സി കോച്ചിംഗ് നൽകുന്നതിനുള്ള സൗകര്യവും തയ്യാറാക്കുന്നു.

**പട്ടികവർഗ്ഗ വികസനം**

പട്ടിക വർഗ്ഗ വിഭാഗത്തിലെ കുറിച്യ, കുറുമ, പണിയ കാട്ടുനായ്ക്ക വിഭാഗത്തിൽ പെട്ട 6885 പേർ 122 ഊരുകളിലും ഒറ്റപ്പെട്ട വീടുകളിലുമായി ഗ്രാമ പഞ്ചായത്തിൽ താമസിക്കുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ വിദ്യാഭ്യാസത്തിലും തൊഴിലിലും വളരെ മുന്നേറിയിട്ടുമുണ്ട്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വേണ്ടി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതുൾപ്പെടെ വിദ്യാഭ്യാസ മേഖലയിൽ പല പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. വീട് പുനരുദ്ധാരണം, ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ, ഭവന നിർമ്മാണം എന്നിവയും കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും ഉണർവ്വ് വരുത്തുന്നതിനും വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള പദ്ധതികളും **ഉണ്ട്.** വൃദ്ധരായ ആളുകളുടെയും രോഗികളുടെയും ക്ഷേമം മുൻനിർത്തി പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രവർത്തനം, കട്ടിൽ നൽകൽ എന്നിവയും ഈ മേഖലയിലെ അംഗൺവാടി കുട്ടികളുടെ പോഷകാഹാരത്തിനായും കോളനികളിലെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനുമുള്ള വിവിധ പദ്ധതികൾക്കായി 1 കോടി 33 ലക്ഷം രൂപ പട്ടികവർഗ്ഗ മേഖലയിൽ ഈ ബജറ്റിൽ നീക്കി വെക്കുന്നു. ലഹരി വസ്തുക്കളിൽ നിന്നുള്ള മോചനത്തിന് വേണ്ടി ബോധവത്കരണ പ്രവർത്തനങ്ങൾ, സിനിമാ പ്രദർശനം എന്നിവ കോളനികൾ കേന്ദ്രീകരിച്ച് നടത്തുന്നതിനുള്ള പദ്ധതികളും ഈ വർഷം തന്നെ ആരംഭിക്കുന്നു. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രഭാത ഭക്ഷണത്തിനായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ലഹരി വിരുദ്ധ ക്യാമ്പയിൻ

നമ്മുടെ നാട്ടിൽ ലഹരിയുടെ ഉപയോഗം കൂടി വരുന്ന കാലമാണ്. പല യുവാക്കളും ലഹരി വസ്തുക്കളുടെ ഉപഭോക്താക്കളും വിൽപ്പനക്കാരുമാണ്. ആദിവാസി ഗോത്രങ്ങളും ഇതിന്റെ പിടിയിലാണ്. ബോധവൽക്കരണത്തിലൂടെ മാത്രമേ ഇതിന് ശാശ്വത പരിഹാരം കാണാൻ കഴിയുകയുള്ളു. ഇതിനായി എക്സൈസ് വകുപ്പുമായി സഹകരിച്ച് ലഹരി വിരുദ്ധ കാമ്പയിൻ നടത്തുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതാണ്.

## സമ്പൂർണ്ണ വൈദ്യുതീകരണ പഞ്ചായത്ത്

വൈദ്യുതി മേഖലയിൽ ഗ്രാമ പഞ്ചായത്തിന്റെ സ്ഥാനം ശരാശരിക്കും മുകളിലാണ്. ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങൾ ഉണ്ടെങ്കിൽ അവിടെയും വൈദ്യുതീകരിക്കുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ട്രീറ്റ് മെയിൻ ഇല്ലാത്ത പ്രദേശങ്ങളിലെല്ലാം സ്ട്രീറ്റ്മെയിൻ വലിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് മുന്തിയ പരിഗണന നൽകി നടപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നു.

## സോഷ്യൽ ഓഡിറ്റ്

പഞ്ചായത്തിലെ മുഴുവൻ പ്രവൃത്തികളും പരിശോധിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് ടീം രൂപീകരിച്ച് പരിശീലനം നൽകുവാനും ലക്ഷ്യമിടുന്നു.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വളരെ നല്ലനില യിൽ നമ്മുടെ പഞ്ചായത്തിൽ നടന്നു വരുന്നുണ്ട്. 7904 തൊഴിൽ കാർഡുകൾ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 6 കോടിയോളം രൂപ ചെലവാക്കിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി സാധാരണക്കാരുടെ ജീവിത നിലവാരത്തിൽ വളരെയധികം സ്വാധീനം

ചെലുത്താൻ കഴിഞ്ഞിട്ടുണ്ട്. കോവിഡ് മഹാമാരി താണ്ഡവമാടുന്ന സമയത്തുപോലും ദാരിദ്ര്യം ഉണ്ടാകാതിരുന്നത് തൊഴിലുറപ്പ് പദ്ധതികൊണ്ടു മാത്രമാണ്. ഓരോ വർഷവും കോടിക്കണക്കിന് രൂപയാണ് തൊഴിലാളികളുടെ അക്കൗണ്ടുകളിലൂടെ വിതരണം ചെയ്യുന്നത്. പ്രായപരിധി ഇല്ലാതെ ഏവർക്കും ജോലി ചെയ്യാവുന്ന ഒരു തൊഴിൽ മേഖലയാണ് തൊഴിലുറപ്പ് പദ്ധതി. നിർഭാഗ്യവശാൽ ആദിവാസി മേഖലയിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം വളരെ കുറവാണ്. അതിന്റെ പ്രധാന കാരണം ജോലി ചെയ്താൽ അന്ന് തന്നെ കൂലി ലഭിക്കാത്തതുകൊണ്ടാണ്. അതിന് പരിഹാരം എന്നി നിലക്ക് കുടുംബശ്രീയുമായി സഹകരിച്ച് ബാങ്ക് മിത്ര എന്ന സ്കീം നടപ്പിലാക്കുകയും ആയതിലൂടെ തൊഴിലാളികളെ ആകർഷിക്കാൻ കഴിയുന്നുണ്ട്. എന്നാലും കൂടുതൽ ആദിവാസി തൊഴിലാളികളെ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളാക്കാൻ നമ്മുടെ ഭാഗത്തു നിന്നും ശ്രമം ഇനിയും ഉണ്ടാവേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതി എല്ലാ മേഖലയെയും സ്പർശിച്ചുകൊണ്ടാണ് പോകുന്നത്. പ്രത്യേകിച്ച് കാർഷിക മേഖല, മൃഗസംരക്ഷണ മേഖല, മണ്ണ് - ജല സംരക്ഷണം എന്നീ മേഖലകളിലാണ്. വ്യക്തിഗത പദ്ധതികളായ തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, ഭവന നിർമ്മാണം, ജലസേചന കിണർ, കമ്പോസ്റ്റ് പിറ്റ്, സോക്ക് പിറ്റ് എന്നിവക്കും പൊതുവായ ഗ്രാമീണ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനുമാണ് തുക ചെലവഴിക്കുന്നത്. അവിദഗ്ധ തൊഴിലാളികൾ, വിദഗ്ധ തൊഴിലാളികൾ, അർദ്ധ വിദഗ്ധ തൊഴിലാളികൾ എന്നിവരുൾപ്പെടെയുള്ളവർക്കാണ് തൊഴിൽ നൽകപ്പെടുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്രം ഉപയോഗിച്ച് തോട് സംരക്ഷണവും, സ്ഥല ലഭ്യതക്കനുസരിച്ച് പച്ചത്തുരുത്ത് നിർമ്മാണവും, സംരക്ഷണവും ജൈവ വൈവിദ്ധ്യം നിലനിർത്തുന്നതിനായി പഞ്ചായത്തിലെ കാവുകളുടെ സംരക്ഷണവും ഈ ബജറ്റിൽ ലക്ഷ്യമിടുന്നു. ഈ മേഖലയിൽ 2024-25 വർഷം 10 കോടി രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു. 744 പേർ ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

**<u>പഞ്ചായത്ത് ഷോപ്പിംഗ് മാൾ നിർമ്മാണം</u>**

പഞ്ചായത്തിന്റെ പ്രധാന ടൗണായ കമ്പളക്കാട് ടൗണിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള 25 സെന്റ് സ്ഥലത്ത് ഷോപ്പിംഗ് മാൾ നിർമ്മിക്കുന്നതിന് കഴിഞ്ഞ ഭരണസമിതി തുടക്കം കുറിച്ചിട്ടുണ്ട്. കേരള റൂറൽ ആന്റ് അർബൻ ഡവലപ്പമെന്റ് സൊസൈറ്റിയുടെ സഹായത്തോടെ കമ്പളക്കാട് ഷോപ്പിംഗ് കോംപ്ലക്സ് എന്ന പേരിൽ കെട്ടിടം നിർമ്മിക്കുന്നതിന് 2.5 കോടി രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു. ഇതിന്റെ പ്രവർത്തി ഉദ്ഘാടനം ഈ സാമ്പത്തിക വർഷം തന്നെ നടപ്പാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നുണ്ട്.

## സദ്ഭരണ പദ്ധതികൾ

നമ്മുടെ ഗ്രാമ പഞ്ചായത്ത് ഐ. എസ്. ഒ നിലവാരത്തിലുള്ളതാണ്. സേവനങ്ങൾ പരമാവധി വേഗത്തിൽ നൽകുന്നതിനും സാധിക്കും. ഒപ്പം ഓഫീസിൽ എത്തുന്ന എല്ലാവരോടും നല്ല പെരുമാറ്റവും നല്ല സമീപനവും ജനപ്രതിനിധികളിൽ നിന്നും ജീവനക്കാരിൽ നിന്നും ലഭ്യമാക്കുന്നതിന് പൊതുപെരുമാറ്റചട്ടം കൊണ്ടുവരുന്നതാണ്. ഇതിനായി ജനപ്രതിനിധികൾക്കും പഞ്ചായത്ത് ഓഫീസിലെയും ഘടക സ്ഥാപനങ്ങളിലെയും ജീവനക്കാർക്കും ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. 100 ശതമാനം നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. വിവിധ ആവശ്യങ്ങൾക്കായി ഗ്രാമ പഞ്ചായത്തിൽ എത്തുന്നവരുടെ സൗകര്യത്തിനായി ഓഫീസിൽ ടോക്കൺ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിന്റെ ഭരണപരമായ ചെലവുകൾക്ക് വേണ്ടി, അതായത് ജീവനക്കാരുടെ ശമ്പളം, ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം, യാത്രാബത്ത, സിറ്റിംഗ് ഫീ, ജീവനക്കാരുടെ യാത്രാബത്ത, മറ്റ് ചെലവുകൾ, ഓഫീസ് കണ്ടിജന്റ് ചെലവുകൾ, തെരുവ് വിളക്ക് ചാർജ്ജ്, വെള്ളക്കരം, ഓഫീസ് പ്രവർത്തനത്തിനാവശ്യമായ സ്റ്റേഷനറി, പ്രിന്റിംഗ് മുതലായ ഭരണപരമായ എല്ലാ ചെലവുകൾക്കും കൂടി 2 കോടി 50 ലക്ഷം രൂപ നീക്കി വെക്കുന്നു.

പഞ്ചായത്തിന്റെ ആസ്തികൾ സംരക്ഷിക്കുന്നതിനും ആസ്തികളുടെ വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി ആസ്തി വിവരങ്ങൾ ആധുനിക രീതിയിൽ ഡിജിറ്റലൈസ് ചെയ്യുന്നതിനും ഉദ്ദേശിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് വാർഡ് മെമ്പർ, എൽ. എസ്. ജി. ഡി അസി.എഞ്ചിനീയർ, എൻ. ആർ. ഇ. ജി. എ അക്രഡിറ്റഡ് എഞ്ചിനീയർ, ഘടക സ്ഥാപന മേധാവികൾ എന്നിവർ ഉൾപ്പെടുന്ന സമിതി **രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.** ഇതിന്റെ പ്രവർത്തനത്തിന് വേണ്ടി 2 ലക്ഷം രൂപ ഈ ബജറ്റിൽ നീക്കി വെക്കുന്നു. സ്ഥല പരിമിതി മൂലം ബുദ്ധിമുട്ടുന്ന പഞ്ചായത്ത് ഓഫീസ് കെട്ടിട വിപുലീകരണ പദ്ധതിക്കു വേണ്ടി സ്ഥലം ലഭ്യമാക്കുന്നതിന് പ്രഥമ പരിഗണനയോടെയുള്ള പദ്ധതിക്ക് 25 ലക്ഷം രൂപ വകയിരുത്തുന്നു. **സ്ഥലം ലഭ്യമായ ഉടൻ ആധുനിക സൌകര്യങ്ങളോടെയുള്ള ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനും പദ്ധതി ഉണ്ട്.**

കൃഷി - മൃഗ സര്ക്ഷണ പദ്ധതികൾ, ഭവന നിർമ്മാണം, ശുദ്ധമായ കുടിവെള്ള വിതരണം, മാലിന്യ സംസ്കരണം എന്നിവയ്ക്കാണ് ഗ്രാമപഞ്ചായത്തിലെ ഈ വാർഷിക പദ്ധതിയിൽ കൂടുതൽ പരിഗണന നൽകുന്നത്. ഇതിൽ കൃഷി - മൃഗ പരിപാലന പദ്ധതികൾക്കായി **120 ലക്ഷം** രൂപയും ഭവന നിർമ്മാണ മേഖലയിലേക്ക് .............. രൂപയും കുടിവെള്ള വിതരണത്തിനായി ആവശ്യമായ **20 ലക്ഷം** രൂപയും ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ വയോജന ബാലസൗഹൃദ പഞ്ചായത്ത് എന്ന നിലയിലുള്ള പദ്ധതികൾക്കും വനിതകളുടെ ആരോഗ്യ പരിരക്ഷയ്ക്ക് സഹായകമായ പദ്ധതികൾക്കും മുൻഗണന നൽകിയിട്ടുണ്ട്. സ്റ്റേഡിയങ്ങളുടെ നവീകണം, നീന്തൽ പരിശീലനം എന്നിവയ്ക്കും പദ്ധതികൾ വിഭാവനം ചെയ്യുന്നു. ഹരിതകർമ്മാസേനാംഗങ്ങൾ വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയുമായുള്ള ധാരണ പ്രകാരം കയറ്റി അയച്ചു വരുന്നുണ്ട്.

അമൃത് സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി കരണിയിൽ കരിങ്കുളം നവീകരണം പദ്ധതിയിൽ 32 ലക്ഷം രൂപയുടെ നവീകരണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. കരണി സ്റ്റേഡിയത്തിന് ചുറ്റും ഡ്രൈനേജും, കവറിംഗ് നെറ്റും സ്ഥാപിക്കുന്നതിനും ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. മില്ലുമുക്ക് സ്റ്റേഡിയം നവീകരണത്തിനുള്ള പദ്ധതികളും ഈ വർഷം തന്നെ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കമ്പളക്കാട് സ്റ്റേഡിയം എല്ലാവിധ സൌകര്യങ്ങളും ഉൾപ്പെടുത്തി നവീകരിക്കുന്നതിനുമുള്ള പദ്ധതികൾ നടന്നു വരുന്നുണ്ട്.

ഈ ബഡ്ജറ്റിൽ പ്രഥമ പരിഗണന നൽകുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

- സ്ഥല പരിമിതി മൂലം വീർപ്പു മുട്ടുന്ന ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ വിപുലീകരണത്തിന് ആവശ്യമായ സ്ഥലമെടുപ്പിനും കെട്ടിട നിർമ്മണത്തിനുമായി ആവശ്യമായ തുക ഉൾപ്പെടുത്തി പ്രാധാന്യത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

- ജലേസചന സൌകര്യങ്ങൾ ഗ്രാമ പഞ്ചായത്തിൽ വളരെ കുറവായത് കാരണം പുഞ്ചകൃഷിക്കും മറ്റു തോട്ട വിളകൾക്കും വർദ്ധനവ് ഉണ്ടാക്കാൻ കഴിയുന്നില്ല. ഇതിന് പരിഹാരമെന്ന നിലയിൽ ജലസേചന സൌകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ചെറുകിട ജലസേചന വകുപ്പുമായി ചേർന്ന് കൂടുതൽ ചെക്ക് ഡാമുകളും ലിഫ്റ്റ് ഇറിഗേഷൻ സൌകര്യവും ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നു. കനാലുകൾ വഴിയും പൈപ്പുകൾ ഉപയോഗിച്ച് കൃഷി സ്ഥലങ്ങളിൽ വെള്ളമെത്തിച്ച് കൃഷി ഭൂമിയുടെ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകുന്നു. പുഴയോരങ്ങളിൽ വൈദ്യുതി ലഭ്യമാക്കി പമ്പ് ഹൌസുകൾ നിർമ്മിച്ച് കൂടുതൽ കൃഷിയിടങ്ങളിലേക്ക് വെള്ളമെത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.
- പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈഫൈ സൌജന്യ കണക്ഷൻ ലഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.
- തുടർ സാക്ഷരതാ പദ്ധതികൾ വിപുലപ്പെടുത്തി അർഹതപ്പെട്ട എല്ലാവർക്കും പരീക്ഷകൾ എഴുതി സാക്ഷരരകാനുള്ള നടപടികൾ

- കാലിത്തീറ്റയുടെ വില വർദ്ധനവും ലഭ്യതക്കുറവും പരിഹരിക്കുന്നതിനും ക്ഷീര കർഷകരെ സഹായിക്കുന്നതിനുമായി വനിതാ ഗ്രൂപ്പുകൾ, കുടുംബശ്രീ എന്നിവരുടെ സഹായത്തോടെ തീറ്റപ്പുൽ കൃഷി വിപുലപ്പെടുത്തി പച്ചപ്പുൽ ലഭ്യത ഗ്രാമപഞ്ചായത്തിൽ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ.
- കോർപ്പറേറ്റുകളുടെ സി.എസ്.ആർ ഫണ്ട് ലഭ്യമാക്കി സ്പോർട്സ് കൌൺസിലുമായി സഹകരിച്ച് ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് കായിക ക്ഷമത വർദ്ദിപ്പിക്കുന്നതിനു സ്പോർട്സ് അക്കാഡമി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടു.
- വനിതകളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വവരുമാനം വർദ്ധിപ്പിക്കുന്നതിനും ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിനുമായി വാർഡുകൾ തോറും സർവ്വേ നടത്തി സ്ത്രീകളുടെ സ്റ്റാറ്റസ് കണ്ടെത്തി അതിനനുസരിച്ചുള്ള തുടർ നടപടികൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നു.
- ടൂറിസ്റ്റുകളെ ഗ്രാമ പഞ്ചായത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനു വേണ്ടി കമ്പളക്കാട് കനാൽ പ്രദേശത്ത് ഒഴിവുള്ള സ്ഥലത്ത് ഒരു ഓപ്പൺ

ജിംനേഷ്യം, പാർക്ക്, കുട്ടികളുടെ കളിസ്ഥലം, വയോജന സൌഹൃദമായ വിശ്രമ സ്ഥലം എന്നിവയ്ക്ക് വേണ്ടിയുള്ള പദ്ധതി ആരംഭിക്കുന്നതിനു പരിഗണന നൽകുന്നു.

- ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള സ്റ്റേഡിയങ്ങൾ സൌകര്യങ്ങൾ വർദ്ധിപ്പിച്ച് മെച്ചപ്പെട്ട കളിസ്ഥലങ്ങളാക്കുന്നതിനുള്ള പദ്ധതികൾ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ധനസഹായത്തോടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.
- ഗ്രാമപഞ്ചായത്തിലെ പ്രധാന ടൌണായ കമ്പളക്കാട് പ്രദേശത്ത് ആധുനിക സൌകര്യങ്ങളോടെയുള്ള ഒരു ഹൈടെക് ഹെൽത്ത് സെന്റർ വേണമെന്നുള്ള ചിരകാല അഭിലാഷം നിറവേറ്റുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നു.
- ഒരു ആയുർവേദ ഡിസ്പെൻസറി കമ്പളക്കാടിൽ വിഭവനം ചെയ്യുന്നു.
- നിലവിലുള്ള പഞ്ചായത്ത് ബസ് സ്റ്റാന്റിൽ ഒരു വയോജന വിശ്രമകേന്ദ്രം ആരംഭിച്ച് വൈകുന്നേരങ്ങളിൽ മുതിർന്ന പൌരൻമാർക്ക് ഒത്തു കൂടുന്നതിനും കുറച്ച് സമയം ചെലവഴിച്ച് മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കുന്നു.

- ഗ്രാമപഞ്ചായത്തിൽ പൊതുവെ ജലസേചന സൌകര്യങ്ങൾ കുറവാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ ജലസേചന കിണറുകൾ നിർമ്മിച്ച് ചെറുകിട നാമമാത്ര കർ,കർക്ക് അവരവരുടെ സ്ഥലത്ത് ജലസേചന സൌകര്യം ലഭ്യമാക്കി വിളവുകൾ വർദ്ധിപ്പിക്കുന്നതിനും പച്ചക്കറി കൃഷി നടത്തി വീട്ടാവശ്യങ്ങൾക്ക് ആവശ്യമായ വിഷരഹിത പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നു.
- ബഹുവർഷ പദ്ധതിയായി ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും എല്ലാ പ്രദേശത്തും എൽ.ഇൽഡി ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആംരംഭിക്കും.
- നിലവിലുള്ള ഹെൽത്ത് സെന്ററുകളിൽ ആവശ്യമായ നവീകരണ പ്രവൃത്തനങ്ങൾ നടത്തിയും ആവശ്യമുള്ള സ്ഥലങ്ങളിൽ കൂടുതൽ ഹെൽത്ത് സെന്ററുകൾ ലഭിക്കുന്നതിനുമുള്ള നടപടികൾക്ക് മുൻഗണന നൽകുന്നു.
- കുട്ടികളെ കാർഷികവൃത്തിയിൽ താൽപര്യമുള്ളവരാക്കി മാറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ട് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് പച്ചക്കറി കൃഷി

ആരംഭിക്കുന്നതിനും ആവശ്യമായ സഹായ സഹകരണങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ കൂടി നൽകുന്നതിനും പദ്ധതി തയ്യാറാക്കുന്നു.

- ഗാർഹിക മാലിന്യ സംസ്കരണത്തിനും പുഴ ശുചീകരണത്തിനും പദ്ധതികൾ
- വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായി നീന്തൽ പരിശീലനം
- പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ
- ഡെസ്റ്റിനേഷൻ ചലഞ്ചിൽ ഉൾപ്പെടുത്തി വരദൂർ, കല്ലംചിറ പ്രദേശങ്ങളിൽ ഓപ്പൺ ജിംനേഷ്യം, പാർക്ക്. ബോട്ടിംഗ്, കളി സ്ഥലം എന്നിവയ്ക്കുള്ള പദ്ധതികൾ.
- നബാർഡുമായി സഹകരിച്ച് ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒരു റോഡ് വീതം ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ.
- ഗ്രാമപഞ്ചായത്തിലെ പൊതു ശ്മശാനത്തിൽ ആധുനികി സൌകര്യങ്ങളോടെയുള്ള ക്രിമിറ്റോറിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ 2024-25 വാർഷിക പദ്ധതികൾ ഈ ബഡ്ജറ്റുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നു.

## <u>ഉപസംഹാരം</u>

നിരവധിയായ പദ്ധതികൾ ഉൾക്കൊള്ളിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കൃഷിക്കും ക്ഷീര വികസനത്തിനും മുന്തിയ പരിഗണന നൽകുന്നതോടൊപ്പം ചെറുകിട വനിതാ സ്വയം തൊഴിൽ സംരംഭ ഗ്രൂപ്പുകൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും സ്പർശിക്കുന്നതും ലക്ഷ്യം കൃത്യമായി നിർവ്വചിച്ചുമാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. എല്ലാ പദ്ധതികളുടെയും പൊതുസമീപനം ജനപക്ഷ വികസനം തന്നെയാണ്. യശശരീരനായ ഭാരത പുത്രൻ ഇൻഡ്യയുടെ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ വാക്കുകൾ സ്മരിച്ചുകൊണ്ട് ‘വികസനമെന്നാൽ വെറും റോഡുകളും ഫാക്ടറികളും നിർമ്മിക്കുക മാത്രമല്ല, ജനങ്ങളുടെ ഭൗതികവും സാംസ്കാരികവും ആത്മീയവുമായ സാക്ഷാത്കാരമാണ് യഥാർത്ഥ വികസനം, വികസനത്തിൽ ഏറ്റവും മൂല്യം കൽപ്പിക്കേണ്ടതും മനുഷ്യൻ എന്ന ഘടകത്തിന് തന്നെയാണ്.

അതുകൊണ്ട് സമൂഹത്തിലെ താഴെ തട്ടിലുള്ള ജനങ്ങൾക്ക് സേവനവും ക്ഷേമവും എത്തിക്കുക എന്ന പൊതുരീതി ബജറ്റിൽ ഉടനീളം സ്വീകരിച്ചിട്ടുണ്ട്. ഇതിന് പിന്നിൽ പ്രവർത്തിച്ച, സഹകരിച്ച എല്ലാവരോടും സ്നേഹം അറിയിക്കുന്നു. ജനങ്ങളുടെ ഭൗതികവും സാംസ്കാരികവും ആത്മീയവുമായ സാക്ഷാത്കാരത്തിന് ഉതകുന്ന തരത്തിലുള്ള ഒരു വികസനമാണ് ഈ ബജറ്റിലൂടെ വിഭാവനം ചെയ്യുന്നത്.

ഈ ബഡ്ജറ്റിൽ മുന്നിരിപ്പായി 3835021 രൂപയും വരവുകളിൽ 447571000 രൂപയും ഉൾപ്പടെ ആകെ 451406021 രൂപയും വിവിധ മേഖലകളിലെ ചിലവുകൾക്കായി 447789700 രൂപയും കിഴിച്ച് 3612321/- രൂപ നീക്കിയിരിപ്പുണ്ട്. സമഗ്ര വികസനം ലക്ഷ്യമാക്കി വിവിധ മേഖലകളിൽ നിന്നുള്ള വിലയേറിയ നിർദ്ദേശം ഉൾക്കൊണ്ട്കൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്ത് തയ്യാറാക്കിയ ജനക്ഷേമത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള ഈ ബജറ്റ് ചർച്ചകൾക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

**നൂർഷ ചേനോത്ത്**

വൈസ് പ്രസിഡണ്ട് & ചെയർമാൻ
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
കണിയാമ്പറ്റ ഗ്രാമ പഞ്ചായത്ത്

കണിയാമ്പറ്റ